**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45** **10-02-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന്റെ വികസനക്കുതിപ്പിൽ സുപ്രധാന പങ്കുവഹിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമാണഘട്ടത്തിലെ വയബിലിറ്റി ഗ്യാപ് ഫണ്ട് വായ്പയായി മാത്രമേ അനുവദിക്കൂ എന്ന നിലപാട് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വി.ജി.എഫ്. തിരിച്ചടയ്ക്കണമെന്ന കേന്ദ്രസർക്കാരിന്റെ നിലപാട് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കേന്ദ്ര ധനമന്ത്രാലയത്തിന്റെ കീഴിലുള്ള Department Of Economic Affairs (DEA)-ൽ നിന്നും VGF സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്നത് 2015 ഫെബ്രുവരിയിലും, അന്തിമ അംഗീകാരം ലഭിക്കുന്നത് 2022 ഒക്ടോബർ മാസത്തിലുമാണ്. തത്വത്തിലുള്ള അംഗീകാരത്തിലും അന്തിമ അംഗീകാരത്തിലും, കേന്ദ്ര സർക്കാർ പദ്ധതിക്ക് നൽകുന്ന VGF തുക, സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽ നിന്നും 2035 മുതൽ ലഭിക്കുന്ന വരുമാന വിഹിതത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാരിന് തിരിച്ചടവായി 60 വർഷത്തെ കൺസെഷൻ കാലയളവിലുടനീളം നൽകണമെന്ന് നിഷ്കർഷിക്കുക യുണ്ടായി. ഇത് ഉറപ്പാക്കുന്നതിനായി DEA-യും സംസ്ഥാന സർക്കാരും തമ്മിൽ ഒരു Premium Sharing Agreement-ൽ ഏർപ്പെടണമെന്നും നിഷ്കർഷിക്കുകയുണ്ടായി.<br><br>പദ്ധതിക്ക് VGF സ്കീമിൽ അന്തിമ അംഗീകാരം നൽകുന്നതിനായി DEA വിലയിരുത്തുന്ന ഘട്ടത്തിൽ, VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ DEA-ക്ക് 03-07-2019-ന് കത്ത് നല്കിയിട്ടുണ്ടായിരുന്നു. കൂടാതെ, പദ്ധതിയെ വിലയിരുത്തുന്ന DEA-യുടെ കീഴിലുള്ള Empowered Institution-ന്റെ 24-11-2020 ൽ നടന്ന യോഗത്തിലും, Empowered Committee-യുടെ 27-06-2022, 27-07-2024 തീയതികളിൽ നടന്ന യോഗങ്ങളിലും VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ച കൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു.<br><br>കൂടാതെ, VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ച കൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു: മുഖ്യമന്ത്രി കേന്ദ്ര ധനമന്ത്രിക്ക് 23-10-2024-നും പ്രധാന മന്ത്രിക്ക് 10-12-2024-നും കത്തുകൾ നൽകിയിട്ടുമുണ്ട്. |
| (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം ജീവനോപാധി നഷ്ടപ്പെടുന്ന പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിനുമായി റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC)യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയേയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. EIA റിപ്പോർട്ടിൽ ജീവനോപാധി നഷ്ടപരിഹാരമായി 8.564 കോടി രൂപയാണ് (റിസോർട്ട് തൊഴിലാളികൾക്ക് ഉൾപ്പെടെ) വകയിരുത്തിയിരുന്നത്. എന്നാൽ, നാളിതുവരെ 107.26 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ താഴെപ്പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. |

| ക്രമ നം. | വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | നഷ്ടപരിഹാരത്തുക (കോടി യിൽ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ചിപ്പി/ ലോബ്സ്റ്റർ തൊഴിലാളികൾ | 262 | 12.36 |
| 2 | കരമടി ഉടമസ്ഥർ/ തൊഴിലാളികൾ | 916 | 54.92 |
| 3 | കരമടി അനുബന്ധ സ്ത്രീ ചുമട്ടു തൊഴിലാളികൾ | 11 | 0.11 |
| 4 | കട്ടമരം ഉടമസ്ഥർ | 51 | 2.14 |
| 5 | മണ്ണെണ്ണ ആനുകൂല്യം | 1221 | 31.57 |
| 6 | റിസോർട്ട് തൊഴിലാളികൾ | 211 | 6.08 |
| 7 | സ്വയം സഹായ സംഘങ്ങൾ (4) | 33 | 0.08 |
| | ആകെ | 2705 | 107.26 |

ഇതിനു പുറമെ ശേഷിക്കുന്ന കട്ടമര തൊഴിലാളികൾ, കരമടി തൊഴിലാളികൾ, ചിപ്പി/ ലോബ്സ്റ്റർ തൊഴിലാളികൾ, കരമടി അനുബന്ധ സ്ത്രീ ചുമട്ടു തൊഴിലാളികൾ, റിസോർട്ട് തൊഴിലാളികൾ എന്നിവർക്കായി 8.76 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ, പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും പുനരധിവാസ ക്ഷേമ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായ പ്രാദേശിക മോണിറ്ററിംഗ് കമ്മറ്റിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റിയും നിലവിലുണ്ട്.

(സി) പ്രസ്തുത തുറമുഖത്തിന്റെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനക്ഷമമാകു ന്നതോടുകൂടി ടി പ്രദേശത്ത് നിരവധി വ്യവസായങ്ങൾക്കും അനുബന്ധ വികസനങ്ങൾക്കും സാധ്യതയുണ്ട്. വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം വിഴിഞ്ഞ ത്തെയും സമീപ പ്രദേശങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കൂടി കഴിയും. ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ ബോർഡ് യോഗത്തിൽ തുറമുഖത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാദ്ധ്യതകൾ പരിശോധിക്കുന്നതി നായുള്ള നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിക്കുക യുണ്ടായി.

താഴെ പറയുന്ന മേഖലകളിലെ സാധ്യതകൾ പരിശോധിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

1. റിന്യൂവബിൾ എനർജി പാർക്ക്
2. ഗ്രീൻ ഹൈഡ്രജൻ ഹബ്
3. സീഫുഡ് പാർക്ക്
4. അഗ്രികൾച്ചർ പാർക്ക്
5. ലോജിസ്റ്റിക് & വെയർ ഹൗസിംഗ്
6. തുറമുഖാധിഷ്ഠിത വ്യവസായ ഇടനാഴി/ ക്ലസ്റ്റർ മുതലായവ

പദ്ധതി രൂപരേഖ തയ്യാറാക്കി നടപ്പാക്കുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കൺസൽട്ടന്റിനെ ട്രാൻസാക്ഷൻ അഡ്വൈസറായി കണ്ടെത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കൺസൽട്ടന്റിനെ കണ്ടെത്തുന്നതിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്.

(ഡി) പദ്ധതി പൂർത്തീകരിക്കുന്നതിനോടൊപ്പം അനുബന്ധ പശ്ചാത്തല സൗകര്യ വികസന പദ്ധതികളിൽ പ്രധാനപ്പെട്ട ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോറിന്റെ സമയബന്ധിതമായ നിർമ്മാണം

(ഡി) <u>തിരുവനന്തപുരം ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ സംബന്ധിച്ച്</u>

തലസ്ഥാനനഗര വികസന പദ്ധതി II (സി.ആർ.ഡി.പി.II) പ്രധാന നിർദ്ദേശങ്ങളിൽ ഒന്നായ ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത് തലസ്ഥാന നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളുടെ സുസ്ഥിര വികസനത്തോടൊപ്പം തലസ്ഥാന നഗരത്തിന്റെ ഗതാഗതം ഭംഗിയായി കൈകാര്യം ചെയ്യലുമാണ്. കേരള സംസ്ഥാനത്തിലേക്ക് ആഗോള ബിസിനസ്സുകളും നിക്ഷേപവും ആകർഷിക്കുന്ന തിനുള്ള സാഹചര്യം സാധ്യമാക്കുന്നത് മുഖേന സംസ്ഥാനത്ത് സാമ്പത്തിക വളർച്ചയും തൊഴിലവ സരങ്ങളും സൃഷ്ടിക്കുകയും കൂടുതൽ വേഗത്തിലാക്കുന്ന തിനുമായി ഔട്ടർ റിംഗ് റോഡിന്റെ

| | | | |
|---|---|---|---|
| | ഉറപ്പാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | | ഇരുവശവും പ്രത്യേകസാമ്പത്തിക മേഖലക്ക് സമാനമായ ഒരു ഉപഗ്രഹ നഗരമായിട്ട് വികസിപ്പിക്കുവാനാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.<br><br>ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ താഴെപ്പറയുന്നവ ഉൾപ്പെടുന്നതാണ്.<br><br>1. <u>പ്രത്യേക നിക്ഷേപ മേഖല (SIR)</u><br><br>ഔട്ടർ റിംഗ് റോഡിന്റെ ഇരുവശവും 2.5 കി.മീ. നീളത്തിൽ ഏകദേശം 400 കി.മീ. തുടർച്ചയായുള്ള സ്ഥലമാണ് പ്രത്യേക നിക്ഷേപ മേഖലയായി വികസിപ്പിക്കാൻ വിഭാവന ചെയ്തിട്ടുള്ളത്. ആയതിലേയ്ക്കായി ഒരു പ്രത്യേക നിയമ നിർമ്മാണം (SIR Act) നടത്തി മേൽ സ്ഥലത്തെ ലോകോത്തര നിലവാരത്തിലുള്ള നിക്ഷേപസ്ഥാനമായി വികസിപ്പിക്കുന്ന താണ്.<br><br>സി.ആർ.ഡി.പി. തയ്യാറാക്കിയ കരട് സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ ബില്ലിന്മേലുള്ള (Draft SIR bill) വിവിധ സർക്കാർ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അവകൂടി ഉൾപ്പെടുത്തി പുതുക്കിയ കരട് ബിൽ വ്യവസായ വകുപ്പ് പരിശോധിച്ചുവരുന്നു.<br><br>2. <u>മാസ്റ്റർ ഡെവലപ്പ്മെന്റ് പ്ലാൻ</u><br><br>ഔട്ടർ റിംഗ് റോഡിന്റെ ഇരുവശവും 2.5 കി,മീ. വീതിയിലുള്ള മൊത്തം 400 സ്ക്വയർ കി.മീ. വരുന്ന സ്ഥലം ആസൂത്രിതമായി വികസിപ്പിക്കാനാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഗ്രോത്ത് കോറിഡോറിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തുടർ നടപടികളെടുക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് LEA Associates South Asia (Pvt) Ltd, New Delhi എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. മേൽ സ്ഥാപനം കരട് മാസ്റ്റർ ഡവലപ്പ്മെന്റ് പ്ലാൻ തയ്യാറാക്കുകയും അതിന്മേലുള്ള അഭിപ്രായങ്ങൾക്കായി സ്റ്റേക്ക് ഹോൾഡേഴ്സ് വർക്ക് ഷോപ്പ് നടത്തുകയുമുണ്ടായി. ഈ വർക്ക് ഷോപ്പിൽ ലഭിച്ച അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ പുതുക്കിയ കരട് സി.റ്റി.പി യുടെ അഭിപ്രായത്തിനായി സമർപ്പിച്ചിട്ടുണ്ട്. സി.റ്റി.പിയിൽ നിന്നും ലഭിച്ച അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ കരട് മാസ്റ്റർ പ്ലാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പരിശോധിച്ചുവരുന്നു.<br><br>3. <u>ലാന്റ് പൂളിംഗ് പോളിസി</u><br><br>പ്രത്യേക നിക്ഷേപ മേഖലയ്ക്കാവശ്യമായ സ്ഥലം ലാന്റ് പൂളിംഗിലൂടെയും സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ ഒരു പ്രത്യേക നയം രൂപീകരിക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നു.<br><br>ലാന്റ് പൂളിംഗ് നിയമം സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ ആക്ടിൽ (SIR ACT) ഉൾപ്പെടുത്തി സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിച്ചതനുസരിച്ച് ലാന്റ് പൂളിംഗ് നിയമം ഉൾപ്പെടുത്തിയ പുതുക്കിയ കരട് (SIR Bill)) സി.ആർ.ഡി.പി തയ്യാറാക്കിയത് വ്യവസായ വകുപ്പ് പരിശോധിച്ചുവരുന്നു.<br><br>4. <u>ഔട്ടർ ഏരിയാ ഗ്രോത്ത്കോറിഡോറിൽ (OAGC) ഒരു പുതുനഗരം വികസിപ്പിച്ചെടുക്കൽ</u><br><br>15-ാമത് ധനകാര്യ കമ്മിഷന്റെ കിഴിലുള്ള “PERFORMANCE BASED CHALLENGE FUND FOR INCUBATION OF 8 NEW CITIES” എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാനത്ത് “OAGC NEOPOLIS” എന്ന ഒരു പുതുനഗരം സാവകാശം വികസിപ്പിച്ചെടുക്കുന്നതിനുള്ള സി.ആർ.ഡി.പി.യുടെ ശുപാർശകൾ തദ്ദേശ സ്വയംഭരണവകുപ്പ് വഴി കേന്ദ്രസർക്കാരിന്റെ ഭവനവും നഗരകാര്യവും (MOHUA) മന്ത്രാലയത്തിലേക്ക് 20.01.2023-ൽ അയച്ചു കൊടുത്തിട്ടുള്ളതാണ്. കൂടാതെ ഇത് സംബന്ധിച്ചിട്ടുള്ള EXPERT COMMITTEE മുൻപാകെ 11.05.2023-ൽ ഒരു പ്രസന്റേഷൻ നടത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ